(സി) പ്രസ്തുത പദ്ധതി നടപ്പിൽ വന്നത് 9-12-1977-ൽ ആണ്. ഇപ്രകാരം കോർപ്പറേഷൻ ആറ് സ്ഥാപനങ്ങളിൽനിന്നും 6.59 ലക്ഷം രൂപയ്ക്കുള്ള അപേക്ഷകൾ 30-6-1979 വരെ സ്വീകരിച്ചിട്ടുണ്ട്. അതിൽ 6.39 ലക്ഷം രൂപ അനുവദിച്ചു. അഞ്ച് സ്ഥാപനങ്ങൾക്കായി 4.06 ലക്ഷം രൂപ വിതരണം ചെയ്തിട്ടുമുണ്ട്.

ശാസ്താംകോട്ട സബ് ട്രഷറി

31 [48] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ടയിൽ സബ് ട്രഷറി തുടങ്ങുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തികവർഷം അത് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശാസ്താംകോട്ടയിൽ ഒരു പുതിയ സബ് ട്രഷറി ആരംഭിക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ട്രഷറി ആരംഭിക്കുന്നതിലേക്ക് ശാസ്താംകോട്ട പഞ്ചായത്ത് ഓഫീസും പരിസരവും ട്രഷറി വകുപ്പിനു വിട്ടുകൊടുത്തിട്ടുണ്ട്. കെട്ടിടത്തിൽ സ്ട്രോങ്ങ് റൂമും കൗണ്ടറും മറ്റു അറ്റകുറ്റപ്പണികളും പണിചെയ്തു തീർത്താൽ മാത്രമേ ട്രഷറി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിലേക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ 40,000 രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) സ്ട്രോങ്ങ് റൂമിന്റെയും കൗണ്ടറിന്റെയും മറ്റു അറ്റകുറ്റപ്പണികളുടെയും ജോലി ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. തൻമൂലം ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

32 [49] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്ര സബ് ട്രഷറികൾ തുറക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) അത് എവിടെയെല്ലാമാണ്;

(സി) കോന്നിയിൽ പുതിയതായി ഒരു സബ് ട്രഷറി തുടങ്ങുന്നതിന് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് തുടങ്ങുന്നതിനുള്ള കാലതാമസം എന്താണ്?

ഉത്തരം

(എ, ബി) അപേക്ഷകൾ വന്നിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവരുന്നു. ആയത് പരിശോധിച്ചതിനു ശേഷം മാത്രമേ സ്ഥലവും എണ്ണവും തീരുമാനിക്കുകയുള്ളൂ.

(സി) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ഡി) ഇനി വരുന്ന കൊല്ലങ്ങളിൽ സംസ്ഥാനത്ത് എവിടെയെല്ലാം സബ് ട്രഷറികൾ തുടങ്ങണമെന്നും അതിനുമുമ്പ് പരിഗണിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും ഇനിയും തീരുമാനിച്ചിട്ടില്ലാത്തതിനാലാണ്

LIBRARY ARCHIVES Kerala Legislative Assembly

കോന്നിയിൽ പുതിയ സബ് ട്രഷറി തുടങ്ങുന്നതിനെപ്പറ്റി തീരുമാനം ഉണ്ടാകാത്തത്.

കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുള്ള വായ്പ

33 [50] ശ്രീ. കെ. പി. നൂറുദ്ദീൻ:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്നും 31-3-1979 വരെ മൊത്തം വായ്പ കൊടുത്ത തുക എന്ത്;

(ബി) ഓരോ കൊല്ലവും എത്ര വീതം;

(സി) ഇതിൽ 31-3-1979 വരെ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര;

(ഡി) ഇതിൽ അഞ്ചുകൊല്ലത്തിനുമേൽ കാലദൈർഘ്യമുള്ള വായ്പ എത്ര;

(ഇ) ഈ തുക പിരിച്ചെടുക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 3,938·60 ലക്ഷം രൂപ.

(ബി) ഓരോ കൊല്ലവും കൊടുത്ത വായ്പയുടെ കണക്ക് താഴെ പറയും പ്രകാരമാണ്:

1955-56	62·29 ലക്ഷം
1956-57	24·94 ,,
1957-58	10·88 ,,
1958-59	35·21 ,,
1959-60	27·12 ,,
1960-61	22·53 ,,
1961-62	24·97 ,,
1962-63	31·84 ,,
1963-64	35·97 ,,
1964-65	22·40 ,,
1965-66	50·94 ,,
1966-67	52·55 ,,
1967-68	78·45 ,,
1968-69	101·15 ,,
1969-70	116·09 ,,
1970-71	131·42 ,,
1971-72	169·13 ,,
1972-73	283·85 ,,
1973-74	209·05 ,,
1974-75	265·54 ,,
1975-76	504·13 ,,
1976-77	537·30 ,,
1977-78	521·49 ,,
1978-79	629·36 ,,

LIBRARY ARCHIVES Kerala Legislative Assembly